നം.കെഎസ്എ.കെടിഎം.പി7-1416/2017 തീയതി 19.09.2017

# കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 31.08.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.08.2017 മുതൽ 31.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി കെ.എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ രതീഷ് സി. ആർ.(25.8.2017 മുതൽ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശിവരാജ് പി.(25.8.2017 മുതൽ) | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മിനി മനോജ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി ഷീബ സ്റ്റീഫൻ | 01.04.2016 മുതൽ 11.01.2017-FN വരെ |
| | ശ്രീ സജിത്ത് മാത്യൂസ് | 11.01.2017-AN മുതൽ 31.03.2017 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ അനൂപ് മോഹൻ | 01.04.2016 മുതൽ 22.07.2016 വരെ |
| | ശ്രീ ജോസഫ് പി.റ്റി. | 01.08.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജൂലി ഐ. എലിസബത്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി എസ്. ശോഭന | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോസ് മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജിസ്സ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ബി. ബിനീഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | ഡോ. അനീഷ് കെ. ഭദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി എ. എൻ. ഗീതാംബിക | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. സെലിൻ സൈമൺ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. ചിന്ന ആർ. ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ-LSGD | ശ്രീമതി മീഡിയറാണി എസ്. | 01.04.2016 മുതൽ 31.03.2017 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ഓഡിറ്റ് ലക്ഷ്യം,മാനദണ്ഡം |
| 1-2 | ബജറ്റ് |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-5 | സാമ്പത്തിക വിശകലനം |
| 1-6 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-7 | തനത് വരുമാനം |
| 1-8 | പദ്ധതി അവലോകനം |
| 1-9 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 1-11 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2-1 | ഉപയോഗക്രമം മാറിയ കെട്ടിടത്തിന്റെ വസ്തുനികുതി പുതുക്കി നിർണ്ണയിച്ചില്ല |
| 2-2-2 | പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളിൽ സ്വകാര്യ ഹോസ്റ്റലുകൾ നടത്തുന്നു |
| 2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 2-4 | സഞ്ചയ-സാംഖ്യ മാപ്പിങ്ങ് നടപടികൾ പൂർത്തിയായില്ല |
| 2-5 | 16.5 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു |
| 2-6 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല |
| 2-7 | പരസ്യ നികുതി - നടപടിക്രമങ്ങൾ പൂർത്തിയായില്ല |
| 2-8 | ശബരിമല സ്പെഷ്യൽഗ്രാന്റ് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ് |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - അധിക തുക നൽകി |
| 3-2 | വിൻഡോ പരസ്യം നല്കാതിരുന്നതു മൂലം അധികച്ചെലവ് |
| 3-3 | മരുന്നുകൾ ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു |
| 3-4 | ജലനിധി പദ്ധതി - നാളിതു വരെ പൂർത്തിയാക്കിയിട്ടില്ല |
| 3-5 | നിക്ഷേപപ്രവൃത്തികൾ - കൈപ്പറ്റുരസീത്,വിനിയോഗവിവരം എന്നിവ ലഭിച്ചിട്ടില്ല |

| | |
|---|---|
| 3-6 | ലോകബാങ്ക് ധനസഹായം തനതുഫണ്ടിൽ സൂക്ഷിച്ച നടപടി ക്രമവിരുദ്ധം |
| 3-7 | ആശ്രയ പദ്ധതി- നൽകിയ തുക ചെലവഴിക്കാതെഅവശേഷിക്കുന്നു |
| 3-8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് – 31.03.2017-തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്തങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വസ്തുനികുതി, തൊഴിൽനികുതി, വാടക, ലേലം, കെട്ടിടനിർമാണപെർമിറ്റുകൾ, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം. ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെ ചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതി മെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 08.03.2017 തിയതിയിലെ 3(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | ശതമാനം |
|---|---|---|---|---|

| | | | കൂടുതൽ | കുറവ് | (+)/(-) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 60,465,518.05 | 13,054,239.05 | - | 47,411,279 | (-)78.41 |
| വരവ് | 134,130,031 | 40,980,786 | - | 93,149,245 | (-)69.45 |
| ആകെ | 194,595,549.05 | 54,035,025.05 | - | 140,560,524 | (-)72.23 |
| ചെലവ് | 111,826,876 | 38,960,906 | - | 72,865,970 | (-)65.16 |
| നീക്കിയിരിപ്പ് | 82,768,673.05 | 15,074,119.05 | - | 67,694,554 | (-)81.79 |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുടെ 3 മടങ്ങ് തുകയിലും അധികമായി വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9(1) വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2017 ആണ്. ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 31.05.2017-ലെ 3(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ച 2016-17 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 09.06.2017 ലെ A1-2942/17 നം. കത്ത് പ്രകാരം 15.06.2017 തീയതിയിൽ തപാലിലും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

2016-17 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

2016-17 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 13,054,239.05 |
| വരവ് | 40,980,786 |
| ആകെ | 54,035,025.05 |
| ചെലവ് | 38,960,906 |
| നീക്കിയിരിപ്പ് | 15,074,119.05 |

## 1-6 ഫണ്ട് വിനിയോഗം

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ സംസ്ഥാന ബജറ്റിലെ അലോട്ട്മെന്റ്, കൺസോളിഡേറ്റഡ് ഫണ്ടിൽ ലഭ്യമായ അലോട്ട്മെന്റ്, വിവിധ ഫണ്ടുകളുടെ പഞ്ചായത്ത് അക്കൗണ്ടിലൂടെയുള്ള വിനിയോഗം, വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെപ്പോയ തുക(അലോട്ട്മെന്റ് നീക്കിയിരിപ്പ്) എന്നിവയുടെ വിശദാംശം താഴെ ചേർക്കുന്നു. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

| ഫണ്ടിനം | മുൻബാക്കി | 2016-17 ൽ ലഭിച്ച അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അലോട്ട്മെന്റ് നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 7,535,517/- | 6,134,451/- | 81.41 | 1,401,066/- |
| വികസനഫണ്ട് – എസ്.സി.പി. | 0 | 2,018,253/- | 2,018,253/- | 100 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് – ടി.എസ്.പി. | 0 | 50,424/- | 50,424/- | 100 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 6,589,503/- | 5,050,547/- | 76.65 | 1,538,956/- |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 2,554,755/- | 2,041,755/- | 79.92 | 513,000/- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4,225,700/- | 3,293,037/- | 77.93 | 932,663/- |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2,213,082/- | 2,213,082/- | 100 | 0 |

വികസനഫണ്ട് – എസ്.സി.പി.,വികസനഫണ്ട് – ടി.എസ്.പി.,പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര, സംസ്ഥാന വിഹിതം തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. മറ്റ് ഗ്രാന്റ് തുകകൾ 75% ൽ അധികം ചെലവഴിച്ചിട്ടുണ്ട്.

## 1-7 തനത് വരുമാനം

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.87% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം (+)/(-) | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4,474,211/- | 5,588,992/- | (+)1,114,781/- | (+)24.92 |
| നികുതിയേതര വരവുകൾ | 699,384/- | 573,701/- | (-)125,683/- | (-)17.97 |
| മറ്റുവരവുകൾ | 545,236/- | 234,931/- | (-)310,305/- | (-)56.91 |
| ആകെ | 5,718,831/- | 6,397,624/- | (+)678,793/- | (+)11.87 |

രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ ന്യൂനത മൂലവും രേഖകളുടെ അഭാവം മൂലവും തനതുവരുമാനത്തിൽ ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ കൃത്യമായി അപഗ്രഥിക്കാൻ സാധിച്ചിട്ടില്ല.

## 1-8 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 163 | 123 | 0 | 40 | 75.46 |

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി(2012-17)-അവലോകനം

പന്ത്രണ്ടാം പദ്ധതിക്കാലത്തെ വികസനഫണ്ടിന്റെ വർഷം തിരിച്ചുള്ള വരവ്-ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2012-13 | 6170000 | 6170000 | 100% |
| 2013-14 | 7128000 | 7128000 | 100% |
| 2014-15 | 8869000 | 7962000 | 90% |
| 2015-16 | 9903650 | 9903650 | 100% |
| 2016-17 | 9604194 | 8203128 | 85% |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖപ്രകാരം, സമഗ്രവികസനകാഴ്ചപ്പാടിലൂന്നി വിവിധമേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലും മേഖലാമുൻഗണനാക്രമം പാലിക്കുന്നതിലും പഞ്ചായത്ത് വിജയിച്ചിട്ടുണ്ടെന്ന് (2012-17) കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ വ്യക്തമാക്കുന്നു. പദ്ധതിക്കാലയളവിൽ ശരാശരി 100% ഫണ്ട് വിനിയോഗം സാധിച്ചിട്ടുണ്ട്. 2016-17വർഷം ചില ബില്ലുകൾ 'ക്യൂ' വിലാകുകയും പണമാക്കാൻ സാധിക്കാതെ വരികയും ചെയ്തതിനാലാണ് ചെലവ് ശതമാനം കുറഞ്ഞത്.

പദ്ധതിരൂപീകരണം, നിർവ്വഹണം

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ഒറ്റത്തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.മിനിറ്റ്സ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-9 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46,320/- | 23 |
| കർഷകതൊഴിലാളി പെൻഷൻ | 1,369,110/- | 150 |
| വിധവാപെൻഷൻ | 3,800,160/- | 340 |
| വാർദ്ധക്യകാലപെൻഷൻ | 7,395,275/- | 703 |
| വികലാംഗപെൻഷൻ | 1,077,700/- | 112 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 249,430/- | 22 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2017 തീയതിയിൽ 3:10 പി.എം.-ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 17,883/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ച പഞ്ചായത്ത് എന്ന നിലയിലുള്ള കാര്യക്ഷമത ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ ദൃശ്യമല്ല.ഐഎസ് ഒ നിലവാരത്തിലെത്തുന്നതിനു വേണ്ടി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.രേഖകളുടെ വർഗ്ഗീകരണത്തിലും ഫയലുകളുടെ സൂക്ഷിപ്പിലും ഐ എസ് ഒ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കിയിട്ടില്ല.സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.ഫയലുകളോടൊപ്പം ആവശ്യമായ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് നേടിയ ഐ എസ് ഒ സർട്ടിഫിക്കേഷൻ നിലനിർത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകളും ഓഡിറ്റിന്റെ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

തൊഴിൽനികുതി : പഞ്ചായത്ത് പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളുടെയും ട്രയ്ഡേഴ്സിന്റെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ക്രമീകരിക്കേണ്ടതാണ്. സ്ഥാപനം/ട്രെയ്ഡേഴ്സ് തൊഴിൽ നികുതിയുടെ കൃത്യമായ ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കേണ്ടതാണ്.

ബിൽഡിങ്ങ് പെർമിറ്റ് : രജിസ്റ്ററിൽ പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകളുടെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വരവിന്റെ ആകെത്തുക രജിസ്റ്ററിൽ കണക്കാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പെർമിറ്റ് എടുത്ത എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ഉതകുന്ന രീതിയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഡി & ഒ ട്രേഡ് ലൈസൻസ് : പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ട്രെയ്ഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ-വ്യവസായങ്ങളെയും ലൈസൻസ് പധിയിൽ ഉൾപ്പെടുത്തി നടപടികൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കേണ്ടതാണ്.

പാരാമെഡിക്കൽ/ട്യൂട്ടോറിയൽ രജിസ്ട്രേഷൻ : പഞ്ചായത്ത് പരിധിയിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എല്ലാ വർഷവും പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2017 | 06/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2381/182 Dated-09.03.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 3,143,193 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 54,115,377 രൂപയും ചെലവ് 50,972,184 രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 54,035,025.05 രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 38,960,906 രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 15,074,119.05 രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 35,288,774.23 രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 23,089,720.8 രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 12,199,053.43രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന കണക്ക് ശീർഷകം നാളിതുവരെ അക്കൗണ്ട് ചെയ്തു തുടങ്ങിയിട്ടില്ല.

4) 31.03.2017-ലെ റീക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും എൻക്യാഷ് ചെയ്യാതെ തനത് ഫണ്ട് ചെക്കുകളുടെ മൂല്യം അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു. തനത് ഫണ്ട്, ബാങ്ക് അക്കൗണ്ട് റീക്കൺസിലേഷനിലെ പ്രസ്തുത ചെക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5)സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡി.സി.ബി-യുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രസ്തുത തുകകളുടെ വിനിയോഗം വിശകലനം ചെയ്യാൻ സാധിച്ചില്ല.

7) 31.03.2017 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം വാടക നിക്ഷേപം 130,400/- രൂപയാണ്(കണക്ക് ശീർഷകം 340200101-Rent Deposit). എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 150,000/- രൂപ വാടക നിക്ഷേപം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. കണക്കുകളിലെ അപാകത പരിഹരിക്കേണ്ടതാണ്,

8) തൻവർഷം ഡെപോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ പ്രസ്തുത തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ടിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാകാത്ത തുകകൾ ഡെപോസിറ്റായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അപാകതയുടെ വിശദാംശം ഭാഗം-4 ഖണ്ഡിക 4-2 ൽ നൽകിയിട്ടുണ്ട്.

9) തൊഴിൽ നികുതി(സ്ഥാപനം-ട്രെയ്ഡർ), ഡി & ഓ ലൈസൻസ് ഫീസ് എന്നീ അക്രൂവൽ വരവിനങ്ങളുടെ ഡി.സി.ബി.-യും ഡി.സി.ബി. സംക്ഷിപ്തവും കൃത്യമായി തയ്യാറാക്കിയിട്ടില്ല.

10) സംയുക്ത പ്രോജക്ടുകൾ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ടിലൂടെ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ട്രഷറി അക്കൗണ്ട് ആരംഭിച്ച് ടി ആവശ്യത്തിന് ലഭിച്ച ഫണ്ടിന്റെ വിനിമയം പ്രസ്തുത അക്കൗണ്ടിലൂടെ നടത്തേണ്ടതാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുകയും ടി അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണതാണ്.

പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിലും അക്കൗണ്ടിങ്ങിലും മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 2-2-1 <u>ഉപയോഗക്രമം മാറിയ കെട്ടിടത്തിന്റെ വസ്തുനികുതി പുതുക്കി നിർണ്ണയിച്ചില്ല</u>

പഞ്ചായത്തിന്റെ 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസാവശ്യത്തിന് എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചിരിക്കുന്ന സെന്റ് ആന്റെണീസ് സ്കൂൾ 10/71,72,73,74 നം. കെട്ടിടങ്ങൾ നിലവിൽ സെന്റ് ആന്റെണീസ് ഹോസ്റ്റൽ എന്ന സ്വകാര്യ ഹോസ്റ്റലായാണ് ഉപയോഗിക്കുന്നത് എന്ന് ഭൗതീക പരിശോധനയിൽ ബോധ്യപ്പെട്ടു. സെന്റ് ആന്റെണീസ് സ്കൂൾ പുതുതായി പണികഴിപ്പിച്ച മറ്റൊരു കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. പഞ്ചായത്ത് പരിധിയിലുള്ള ബ്രില്യന്റ് സ്റ്റഡി സെന്റർ എന്ന എൻട്രൻസ് പരിശീലന സ്ഥാപനത്തിലെ വിദ്യാർത്ഥികളാണ് ടി ഹോസ്റ്റലിൽ താമസിക്കുന്നത് എന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രസ്തുത കെട്ടിടങ്ങളുടെ അസസ്മെന്റ് മാറ്റി സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റേ എന്ന ഉപയോഗക്രമം കണക്കാക്കി നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം സംഭവിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| കെട്ടിട നം. | Plinth Area ച.മീ | അടിസ്ഥാന നികുതി നിരക്ക് | നിർണ്ണയിച്ച അടിസ്ഥാന നികുതി | നിർണ്ണയിക്കേണ്ട നിരക്ക് | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി |
|---|---|---|---|---|---|
| 10/71 | 420 | ഇല്ല | നികുതി ഒഴിവാക്കി | 30 രൂപ/ച.മീ | 12600/- |
| 10/72 | 50 | ഇല്ല | നികുതി ഒഴിവാക്കി | 30 രൂപ/ച.മീ | 1500/- |
| 10/73 | 400 | ഇല്ല | നികുതി ഒഴിവാക്കി | 30 രൂപ/ച.മീ | 12000 |
| 10/74 | 400 | 5 രൂപ/ച.മീ | 2,000/- | 30 രൂപ/ച.മീ | 12000 |

മേൽപറഞ്ഞ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റിയ തീയതി മുതൽ പുതിയ നികുതി നിരക്ക് നിർണ്ണയിച്ച് നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/31.08.2017) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. ടി കെട്ടിടങ്ങൾ ഉപയോഗക്രമം മാറിയ അർദ്ധവർഷം മുതൽ നികുതി പുനർനിർണ്ണയിച്ച് (അടിസ്ഥാന വസ്തുനികുതിയിന്മേൽ അർഹമായ ഇളവുകളും വർദ്ധനവുകളും നൽകി) ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2-2 <u>പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളിൽ സ്വകാര്യ ഹോസ്റ്റലുകൾ നടത്തുന്നു</u>

പഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ട പല കെട്ടിടങ്ങളും സ്വകാര്യ ഹോസ്റ്റലുകളായി ഉപയോഗിക്കുന്നതായി കാണുന്നു. ബ്രില്യന്റ് സ്റ്റഡി സെന്റർ എന്ന എൻട്രൻസ് പരിശീലന സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന സ്വകാര്യ ഹോസ്റ്റലുകളായി ഉപയോഗിക്കുന്ന ചില കെട്ടിടങ്ങൾ നിലവിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ എന്ന വിഭാഗത്തിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് (5രൂപ/ച.മീ.). അത്തരം കെട്ടിടങ്ങളെ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി സ്വകാര്യ ഹോസ്റ്റൽ എന്ന വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതാണ് (30 രൂപ/ച.മീ.). വസ്തുനികുതി നിർണ്ണയിച്ച ശേഷം ഉപയോഗക്രമം മാറ്റുന്ന വിഷയം ഭരണസമിതി ഗൗരവമായി നിരീക്ഷിക്കേണ്ടതും ടി വിഷയത്തിലുള്ള നിയമലംഘനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത</u>

മുത്തോലി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയതിലെ പിഴവുമൂലം നികതിയിൽ കുറവ് വന്നതായി കാണുന്നു. പഞ്ചായത്ത് പരിധിയിലുള്ള 5 ടവറുകളുടെ നികുതി നിർണ്ണയം സെക്രട്ടറി അംഗീകരിച്ചിട്ടുണ്ട്. 2 ടവറുകളുടെ നികുതി നിർണ്ണയം അംഗീകരിച്ച് ഫോറം-6 സഞ്ചയ റവന്യൂ മൊഡ്യൂളിൽ ജനറേറ്റ് ചെയ്തിട്ടില്ല. വസ്തുനികുതി നിർണ്ണയിച്ച 5 ടവറുകളുടെ തറ വിസ്തീർണ്ണം കണക്കാക്കിയതിൽ പിഴവ് സംഭവിച്ചതായി ബോധ്യമാകുന്നു. പ്രസ്തുത ടവറുകളുടെ കംപ്ലീഷൻ പ്ലാൻ പഞ്ചായത്തിൽ ലഭ്യമല്ല. ടവറിന്റെ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ടവർ ബേസ് ഏരിയ, ബാറ്ററി തറ, ജനറേറ്റർ തറ എന്നിങ്ങനെയുള്ള ടവറിന്റെ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന വിസ്തീർണ്ണം കൂടി കണക്കാക്കിയാണ് വിസ്തീർണ്ണം കണക്കാക്കിയത് എന്ന് വ്യക്തമല്ല. മിക്ക ടവറുകളും 10 ച.മീ. എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നു. സഞ്ചയ റവന്യൂ മെഡ്യൂളിലെ മൊബൈൻ ടവറുകളുടെ വസ്തുനികുതി അംഗീകരിച്ച ഫോറം-6 പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ടവറിന്റെ പേര് | Plinth Area (ച.മീ.) | അടിസ്ഥാന നികുതി (500രൂപ/ച.മീ) | ഇളവുകൾക്ക് ശേഷം നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1. | 1/176/1 | BSNL | 20 | 10000 | 7000/- |
| 2. | 4/348 | Bharathi Airtel Ltd. | 10 | 5000 | 4500/- |
| 3. | 5/303 | Sub Div Er., BSNL | 12 | 6000 | 7200/- |
| 4. | 9/292 | Essar Telecom Infrastructure | 10 | 5000 | 3500/- |
| 5. | 13/122 | BSNL Tower-Puliyannoor | 10 | 5000 | 3500/- |

മൊബൈൻ ടവറുകളുടെ Plinth Area എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സഹായത്തോടെ സ്ഥലപരിശോധന നടത്തി കൃത്യമായി നിശ്ചയിക്കേണ്ടതാണ്(Tower Base Area+Battery Floor Area+Generator Floor Area). ക്രമ നം.1 ടവറിന് മേൽക്കൂരയുടെ നിർമ്മിതിയുടെ പേരിൽ 10% അടിസ്ഥാന വസ്തുനികുതിയിൻമേൽ ഇളവ് നൽകിയതും പുനപ്പരിശോധിക്കേണ്ടതാണ്.

മൊബൈൻ ടവറുകളുടെ കംപ്ലീഷൻ പ്ലാൻ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ടവറുകളുടെ നികുതി ഒടുക്ക് നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടാത്ത ടവറുകളുണ്ടോ എന്നും പരിശോധന നടത്തേണ്ടതാണ്.

## 2-4 സഞ്ചയ-സാംഖ്യ മാപ്പിങ്ങ് നടപടികൾ പൂർത്തിയായില്ല

പഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച സാംഖ്യ-സഞ്ചയ മാപ്പിങ്ങ് നടപടികൾ പൂർത്തീകരിച്ചില്ല. പഞ്ചായത്തിലെ 13 വാർഡുകളിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് 6815 സാംഖ്യ രസീതുകളാണ് മാപ്പ് ചെയ്യാനുണ്ടായിരുന്നത്. 3172 രസീതുകളുടെ മാപ്പിങ്ങ് നിലവിൽ പൂർത്തിയാക്കി. 3643 രസീതുകളുടെ മാപ്പിങ്ങ് പൂർത്തിയാക്കാൻ അവശേഷിക്കുന്നു. മാപ്പിങ്ങ് പൂർത്തിയാകാത്തതിനാൽ സഞ്ചയയിലെയും സാംഖ്യയിലെയും വസ്തുനികുതി ഡി.സി.ബി. കണക്കുകളിൽ വ്യത്യാസം കാണുന്നു. വസ്തുനികുതി പരിഷ്കരണം അന്തിമമാകുന്നതിലേക്കായി ഇതു സംബന്ധിച്ച പഞ്ചായത്ത് വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 2-5 16.5 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | Residential (2016-17) | 661,684/- |
| 431100102 | Residential (Arrear) | 284,935/- |
| 431100103 | Non-Residential (2016-17) | 251,051/- |
| 431100104 | Non-Residential (Arrear) | 545,306/- |
| ആകെ | | 1,742,976/- |

വാർഷിക കണക്കുകൾ പ്രകാരം 01.04.2017-ൽ വസ്തുനികുതി കുടിശിക 1,659,977/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട് (1742976-82999(ലൈബ്രറി സെസ്സ്)=1659977). വസ്തുനികുതിയിലെ കുടിശിക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല (2016-17 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം). ടി സ്ഥാപനങ്ങളുടെയും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ 2016-17 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. മുത്തോലി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതും പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ പേരും അനുബന്ധ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ധനകാര്യ സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഈരൂരിക്കൽ ഫിനാൻസ്, വൈപ്പന ബിൽഡിങ്ങ്, മുത്തോലി. |
| 2. | മ്യാലിൽ ഫിനാൻസ്, ഇടമനപ്പാട്ട് ബിൽഡിങ്ങ്, മുത്തോലി. |
| 3. | തോപ്പിൽ ഫിനാൻസിയേഴ്സ്,തോപ്പിൽ ബിൽഡിങ്ങ്, മുത്തോലി. |
| 4. | വെട്ടുത്തു ഫിനാൻസ്, ഇടമറ്റത്ത് ബിൽഡിങ്ങ്, മുത്തോലി. |
| 5. | വൈഗ ഫിനാൻസ്, കമുകുംപള്ളിൽ ബിൽഡിങ്ങ്, മുത്തോലിക്കവല, പുലിയന്നൂർ. |
| 6. | മേമന ഫിനാൻസ്, മുത്തോലിക്കവല, മുത്തോലി. |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഈയിനത്തിൽ വരുമാന ചോർച്ച സംഭവിച്ചു. അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.04/29.08.2017) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ തൊഴിൽ നികുതി കുടിശികയായി ഡിമാന്റ് ചെയ്ത് ഈടാക്കുമെന്ന് അറിയിച്ചു. മേൽപറഞ്ഞ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ സ്ഥാപന തൊഴിൽ നികുതിയും സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-7 പരസ്യ നികുതി - നടപടിക്രമങ്ങൾ പൂർത്തിയായില്ല

മുത്തോലി പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡായ ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേ, മുത്തോലി ടൗൺ എന്നീ പ്രദേശങ്ങളിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി സംബന്ധിച്ച നിർദ്ദേശങ്ങൾ 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരമുള്ള പരസ്യ നികുതി ചുമത്തിയിട്ടില്ല . ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് അന്തിമ അംഗീകാരം ലഭിച്ചിട്ടില്ല. ടി വിഷയത്തിലുള്ള നടപടികൾ പൂർത്തീകരിച്ച് പരസ്യ നികുതി ഈടാക്കേണ്ടതാണ്.

## 2-8 ശബരിമല സ്പെഷ്യൽഗ്രാന്റ് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്

ശബരിമല സ്പെഷ്യൽഗ്രാന്റിനു വേണ്ടി പഞ്ചാബ് നാഷണൽ ബാങ്കിൽ പ്രത്യേക അക്കൗണ്ട് ഉണ്ടെങ്കിലും 2015-16 വർഷം ലഭിച്ച 5 ലക്ഷം രൂപ മുത്തോലി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലുള്ള പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. സ്പെഷ്യൽ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കുന്ന കടപ്പാട്ടൂർ ഇടത്താവളം കുളിക്കടവ് നവീകരണ പ്രവർത്തിയുടെ ബിൽ തുക നൽകുന്നതിനു വേണ്ടി പലിശസഹിതം തുക പിൻവലിക്കുകയാണ് ചെയ്തത്. പ്രത്യേക ഉദ്ദേശ്യങ്ങൾക്കു വേണ്ടി ലഭിക്കുന്ന ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ടിൽത്തന്നെ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - അധിക തുക നൽകി

ഗ്രാമ പഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി പ്രോ. നം. SO 028/17 - സമഗ്ര നെൽകൃഷി വികസനം - എന്ന പദ്ധതി പ്രകാരം മൂന്ന് പാടശേഖര സമിതികൾക്ക് കൂലിച്ചെലവ് സബ്സിഡി ആയി ബിൽ നം. JA-02/16-17 / 25.11.2016 പ്രകാരം 138075/- രൂപയും , ബിൽ നം. JA 03/16-17 / 26.12.2016 പ്രകാരം മാറിയ 147267/- രൂപയിൽ 51375/- ഉൾപ്പടെ ആകെ 189450/- രൂപ നൽകിയിട്ടുണ്ട് . 02.03.2016 ലെ GO (Rt.) 1024/2016/LSGD/ 02.03.2016 ഉത്തരവ് പ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി ഹെക്ടറിന് 6000/- രൂപയാണ്. എന്നാൽ 25.26 ഹെക്ടർ സ്ഥലം നെൽ കൃഷി ചെയ്യുന്നതിന് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ 189450/- രൂപ നൽകിയിട്ടുണ്ട്. ഉത്തരവ് പ്രകാരം അനുവദനീയമായ സബ്സിഡി 151560/- രൂപയാണ്. ആയതിനാൽ അധികം നൽകിയ സബ്സിഡി തുകയായ 37890 /- (189450 – 151560) രൂപയുടെ ചെലവ് നിരാകരിക്കുന്നു. (മേൽ വിഷയം സംബന്ധിച്ച് 29.08.17-ൽ നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പ്രോജക്ട് സമർപ്പിച്ച സമയത്ത് നെൽകൃഷി കൂലി ചെലവ് ഏക്കറിന് 6,000/- രൂപ എന്ന് നിർദ്ദേശിച്ചിരുന്നുവെന്ന കൃഷി ഓഫീസറുടെ മറുപടി തൃപ്തികരമല്ല.)

## 3-2 വിൻഡോ പരസ്യം നല്കാതിരുന്നതു മൂലം അധികച്ചെലവ്

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ ആന്റ് പി ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം താഴെപ്പറയുന്ന പരസ്യങ്ങൾക്ക് അധികചെലവ് ഉണ്ടായതായി കാണുന്നു.

| പത്രത്തിന്റെ പേര്, തീയതി | നിരക്ക് | ചെലവായ തുക | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|
| മാതൃഭൂമി 02.02.17 | 8*10=80 സെ.മീ @70 | 5600രൂപ (വൗച്ചർ നം.21600841/10.3.17) | 3x8=24 ച.സെ.മീ @70=1680രൂപ | 3920/- |
| മംഗളം 31.7.15 | 8*10=80 .സെ.മീ @72 | 5760(വൗച്ചർ നം.21600040/18.4.16) | 3x8=24 ച.സെ.മീ @72=1728രൂപ | 4032/- |
| രാഷ്ട്ര ദീപിക 3.3.16 | 6*8-48.സെ.മീ @50 | 2400(വൗച്ചർ നം.21600173/23.6.16) | 3x8=24 ച.സെ.മീ @50രൂപ=1200രൂപ | 1200 |
| രാഷ്ട്ര ദീപിക 23.6.16 | 5*8-40.സെ.മീ @50 | 2000(വൗച്ചർ നം.21600211/11.7.17) | 3x8=24 ച.സെ.മീ @50രൂപ=1200രൂപ | 800 |
| ആകെ | | | | 9952 |

ഇപ്രകാരം പത്രപരസ്യമിനത്തിൽ തുക അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിലായിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതും ഈയിനത്തിലുള്ള നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 3-3 മരുന്നുകൾ ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ ആയി നൽകിയിരുന്നുവെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈയിനത്തിലുള്ള 2,67,468/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോ.നം. / പേര് | ബിൽ നം./ തീയതി/ തുക | സ്ഥാപനം | ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | മെഡി.ഓഫീസർ | 23/17-പ്രാഥമിക | 21600925/ | കേരളാ മെഡിക്കൽ | 98527/- |

| | | | | | |
|---|---|---|---|---|---|
| | PHC , മുത്തോലി | ആരോഗ്യ കേന്ദ്രത്തിനു മരുന്ന് വാങ്ങൽ | 22.03.17 | സർവീസസ് കോർപ്പറേഷൻ ലിമി.,തിരുവനന്തപുരം | |
| 2 | മെഡി.ഓഫീസർ ഹോമിയോ ഡിസ്പെൻസറി , മുത്തോലി | 66/17-ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 21600792/ 21.12.2017 | ഹോംകോ , ആലപ്പുഴ | 50000/- |
| 3 | സെക്രട്ടറി , മുത്തോലി ഗ്രാമ പഞ്ചായത്ത് | 18/17-എൻ.ആർ.എച്ച്.എം. അയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 21600842/ 14.03.2017 | ഔഷധി , തൃശ്ശൂർ | 118941/- |
| | ആകെ | | | | 2,67,468/- |

## 3-4 ജലനിധി പദ്ധതി - നാളിതു വരെ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ ആരംഭിച്ച വിവിധ ജലനിധി കുടിവെള്ള വിതരണ പദ്ധതികൾ ഇനിയും പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. തൻ വർഷം വിവിധ ബെനിഫിഷ്യറി ഗ്രൂപ്പുകൾക്ക് തദ്ദേശ ഭരണ സ്ഥാപന വിഹിതമായി ആകെ 21,09,032/- രൂപ നൽകിയിട്ടുമുണ്ട്. ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 നിക്ഷേപപ്രവൃത്തികൾ - കൈപ്പറ്റരസീത്, വിനിയോഗവിവരം എന്നിവ ലഭിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്കു വേണ്ടി വൈദ്യുതിബോർഡിലും പൊതുമരാമത്തുവകുപ്പിലും നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.ബാങ്ക് അക്കൗണ്ട് മുഖേന ട്രാൻസ്ഫർ ചെയ്ത തുകയുടെ കൈപ്പറ്റ് രസീതും സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | നിക്ഷേപിച്ച തുക | നിർവ്വഹണ ഏജൻസി | നിക്ഷേപവിവരങ്ങൾ |
|---|---|---|---|
| നം.121/17 വിവിധ അങ്കണവാടികളുടെയും എൽ പി സ്കൂളിന്റെയും വയറിംഗ് | ലോകബാങ്ക് ധനസഹായം-130994 + 49056 തനതുഫണ്ട്-2000 | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ,പൊതുമരാമത്ത് വകുപ്പ് കോട്ടയം | ട്രഷറി ചെലാൻ നം.4128,4125/30.3.17 നം.8/5.4.17 |
| നം.154/17 -ടി- | ലോകബാങ്ക് ധനസഹായം-180050 തനത് ഫണ്ട്-3950 | -ടി- | ട്രഷറി ചെലാൻ നം.3358210/23.6.17 നം.106452/3.4.17 |
| നം.156/17 വനിതാസാംസ്കാരികനിലയം വയറിംഗ് | ലോകബാങ്ക് ധനസഹായം-47195 വികസനഫണ്ട്-34308 തനതുഫണ്ട്-8497 | -ടി- | ട്രഷറി ചെലാൻ നം.4194,4192/30.3.17 |
| നം.161/17 ചകിണിക്കുന്ന് എസ് സി കോളനിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | വികസന ഫണ്ട് (എസ് സി പി)-608000 | അസി.എഞ്ചിനിയർ,ഇലക്ട്രിക്കൽ സെക്ഷൻ,പാലാ | എസ് ബി റ്റി പാലാ അക്കൗണ്ട് നം.67029568407 |
| നം.163/17 ട്രാൻസ്ഫോർമറുകളിൽ ഓട്ടോമാറ്റിക്ക് സ്ട്രീറ്റ്മെയിൻ കൺട്രോൾ ഘടിപ്പിക്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്-88612 തനതുഫണ്ട്-6788 | -ടി- | -ടി- |
| നം.95/17 മഞ്ഞപ്പള്ളിക്കുന്ന് എസ് സി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | വികസന ഫണ്ട്(എസ് സി പി)-49850 | -ടി- മരങ്ങാട്ടുപിള്ളി | SBTചെക്ക് നം.559645/27.3.17 |

RTGS ട്രാൻസ്ഫർ മുഖേനയും ചെക്ക് മുഖേനയും ബാങ്ക് അക്കൗണ്ടിലെയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുകകളുടെ കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ മേൽപ്രോജക്ടുകൾക്കായുള്ള 12,09,300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ലോകബാങ്ക് ധനസഹായം തനതുഫണ്ടിൽ സൂക്ഷിച്ച നടപടി ക്രമവിരുദ്ധം

പ്രോജക്ട് നം.154/17- വിവിധ അങ്കണവാടികളിലെയും ആശ്രമം എൽ.പി സ്കൂളിലെ പുതിയ ബ്ലോക്കിന്റെയും വയറിംഗിന് വേണ്ടി ലോകബാങ്ക് ധനസഹായം 180050/- രൂപ 30.3.17 ൽ ബിൽ നം.31/16-17 പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ചെങ്കിലും 23.06.2017-ലാണ് ട്രഷറി ചെലാൻ മുഖേന പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചത്. ടി കാലയളവിൽ മുത്തോലി എസ്.ബി.ഐ.യിലുള്ള പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലാണ് തുക സൂക്ഷിച്ചത്. വയറിംഗ് നടത്തേണ്ട ചില അങ്കണവാടികളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായിരുന്നതിനാലാണ് തുക അടയ്ക്കാൻ വൈകിയത് എന്നാണ് ലഭിച്ച വിശദീകരണം. നിക്ഷേപപ്രവൃത്തിയായതിനാൽ യഥാസമയം തുക ഒടുക്കുന്നതിന് മേല്പറഞ്ഞ കാരണം തടസ്സമാകുന്നില്ല. പ്രോജക്ടിനു വേണ്ടി ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക മാസങ്ങളോളം തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി ക്രമപ്രകാരമല്ല. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി- നൽകിയ തുക ചെലവഴിക്കാതെഅവശേഷിക്കുന്നു

പ്രൊജക്ട് നം. SO 34/17 - ആശ്രയ പുന. പദ്ധതി

Rs. 100000 /-

ആശ്രയ ഒന്നാംഘട്ട പദ്ധതിക്കായി 2016-17 വർഷം ലഭിച്ച തുക പൂർണ്ണമായി ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. 2016-17 വർഷം നൽകിയ ഒരു ലക്ഷം രൂപയിൽ 50,000/- രൂപ നിലവിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്നുണ്ട്. ആശ്രയ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം വിഭാവനം ചെയ്ത 92 പദ്ധതികൾക്കും അംഗീകാരം ലഭിയ്ക്കുകയും 91 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം പദ്ധതിയുമായി സഹകരിച്ച 363 കുടുംബങ്ങൾക്കും തൻവർഷം തൊഴിൽ ലഭിച്ചിട്ടുണ്ട്. തൻവർഷം ശരാശരി 31.6 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് മഴക്കുഴികളും തടങ്ങളും നിർമ്മിയ്ക്കൽ, മണ്ണൊലിപ്പ് തടയുന്നതിനായി കയ്യാല നിർമ്മിയ്ക്കൽ എന്നിവയാണ് പ്രധാനമായും തൻവർഷം നടപ്പാക്കിയത്. പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവു ചെലവു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 321 |
| വരവ് (EFMS ഉൾപ്പെടെ) | 6207631 |
| പലിശ വരവ് | 1067 |
| ആകെ | 6209019 |
| ചെലവ് | 6207873 |
| നീക്കിയിരിപ്പ് | 1146 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 174,391/- രൂപയും (കണക്ക് ശീർഷകം-320700305) ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 148,625/- രൂപയും (കണക്ക് ശീർഷകം-320700404) ചെലവഴിക്കാതെ 31.03.2017-ലെ ബാലൻസ് ഷീറ്റിലും അവശേഷിക്കുന്നു.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട് (സുലേഖ ചെലവു പത്രിക പ്രകാരം). തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് (Electrical Wing) | 182,050/- | 121/17, വിവിധ അംഗൻവാടികളിലും എൽ.പി. സ്കൂളുകളിലും വയറിങ്ങ് | 0 | 182,050/- |
| | 184,000/- | 154/17,വിവിധ അംഗൻവാടികളിലും ആശ്രമം എൽ.പി. സ്കൂളിലെ പുതിയ ബ്ലോക്കിലും വയറിങ്ങ് | 0 | 184,000/- |
| | 90,000/- | 156/17, വനിതാ സാംസ്കാരിക നിലയം വയറിങ്ങ് | 0 | 90,000/- |
| കെ.എസ്.ഇ.ബി | 608,000/- | 161/17, ചകിണിക്കുന്ന് എസ്.സി. കോളനി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 0 | 608,000/- |
| | 95,400/- | 163/17, വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകളിൽ Automatic Street Main Control സ്ഥാപിക്കൽ | 0 | 95,400/- |
| | 49,850/- | 95/17, മഞ്ഞപ്പള്ളിക്കുന്ന് എസ്.സി. കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | 0 | 49,850/- |

മേൽപറഞ്ഞ 6 ഡെപോസിറ്റ് പ്രവൃത്തികളുടെയും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രവൃത്തിക്ക് നൽകിയ തുകകൾ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത തുകകളുടെ വിനിയോഗം കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. ഇലക്ട്രിസിറ്റി ഡെപോസിറ്റ് വർക്കുകൾക്ക് നൽകുന്ന തുകകൾ 460600101-Electricity Deposits എന്ന ശീർഷകത്തിൽ ആയിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് തുകകളെ ആസ്തി/ചെലവ് അയി ആക്കൗണ്ട് ചെയ്യാവുന്നതാണ്.
ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ അക്കൗണ്ടിങ്ങിലെ അപാകത പരിഹരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ബാങ്ക്/അക്കൗണ്ട് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.എം.എസ്.725/2010 എൽ.എസ്.ജി.ഡി. തീയതി- 04.03.2010 | Mutholy East SCB Ltd No.1606 A/c No.1/09 | 78,27,000 | 5,52,193/- | 5,52,193/- | -- | 0 |

14.12.2016 തീയതിയിൽ മുതൽ ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക മുഴുവൻ അടവാക്കിയിട്ടുണ്ട്. പലിശയിനത്തിലുള്ള 679,785/- രൂപ സർക്കാരിൽ നിന്നും അടവാക്കിയിട്ടില്ല. പലിശ തുക സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് ബാങ്കിന്റെ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. പലിശ തുകസർക്കാരിൽ നിന്നും ലഭ്യമാക്കി അടവാക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രികയിലെ 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40,980,786/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38,960,906/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37,890/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,76,768/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 37,890/- | ശ്രീമതി ജൂലി ഐ.എലിസബത്ത് , കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 98,527/- | ഡോ. അനീഷ് കെ.ഭദ്രൻ, മെഡിക്കൽ ഓഫീസർ-PHC |
| | 50,000/- | ഡോ. സെലിൻ സൈമൺ, മെഡിക്കൽ ഓഫീസർ-ഹോമിയോ |
| | 118,941/- | ശ്രീ സജിത്ത് മാത്യൂസ്, സെക്രട്ടറി |
| 3-5 | 12,09,300/- | ശ്രീ സജിത്ത് മാത്യൂസ്, സെക്രട്ടറി |
| ആകെ | 14,76,768/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2-2, 2-3, 2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജൂലി ഐ. എലിസബത്ത്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷി ഭവൻ, മുത്തോലി ഗ്രാമപഞ്ചായത്ത്. | ഉരുണിയംകുളത്ത്, മേലുകാവ്മറ്റം പി.ഒ., പിൻ-686652 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.പി.2/716/97/7.10.97/6.1.98 | | |
| 1995-96 | എൽ.എഫ്.കെ.പി.2/1118/98/15.1.99 | | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.7/570/അദാ/14(1)/26.11.14 | 4 | |
| 98-99 വരവ് | എൽ.എഫ്.കെ.പി-5/553/08/9.11.09 | | |
| 99-00 | എൽ.എഫ്.കെ.പി7/570/അദാ/14 (2)26.11.14 | 4 | |

| | | | |
|---|---|---|---|
| 00-01,01-02പ്ലാൻ | എൽ.എഫ്.കെ.പി.7/ 570/അദാ/14(3) 26.11.14 | 2 | |
| 2000-01 | എൽ.എഫ്.കെ.പി. 7/345/04/22.11.04 | 13 | |
| 2001-02 | എൽ.എഫ്.കെ.പി.7/ 570/അദാ/14(4) 26.11.14 | 3 | |
| 2002-03 | എൽ.എഫ്.കെ.പി.7/470/05/9.9.05 | 17 | |
| 2003-04 | എൽ.എഫ്.കെ.പി.7/938/15/2.5.2016 | 6 | |
| 2004-05 | എൽ.എഫ്.കെ.പി.7/938/15/16.4.2016 | 2 | |
| 2005-06 | എൽ.എഫ്.കെ.പി.7/938/15/16.4.2016 | 6 | |
| 2006-07 | എൽ.എഫ്.കെ.പി.7/804/09/9.10.09 | 8 | |
| 2007-08 | എൽ.എഫ്.കെ.പി.7/938/15/16.4.16 | 1 | |
| 2008-09 | എൽ.എഫ്.കെ.പി.7/329/11/29.2.2016 | 8 | |
| 2009-10 | എൽ.എഫ്.കെ.പി.7/1197/12/4.1.2013 | 4 | |
| 2010-11 | എൽ.എഫ്.കെ.പി.7/ 19/14/20.3.14 | 7 | |
| 2011-12 | എൽ.എഫ്.കെ.പി.7/1512/13/3.11.13 | 6 | |
| 2012-13 | എൽ.എഫ്.കെ.പി.7/ 270/15/18.4.15 | 3 | |
| 2013-14 | എൽ.എഫ്.കെ.പി.7/618/15/14.3.16/7.10.16 | 7 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി7/1271/16 /6.10.16 | 10 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7-1789/16/03.12.2016 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2016-17

നം.കെ.എസ്.എ-കെ.ടി.എം.പി.7/1416/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 04812564886

തീയതി: 19.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം